ചിന്നു ജനാർദ്ദനൻ
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം,
ടിമ്പർ സെയിത്സ് ഡിവിഷൻ, പെരുമ്പാവൂർ
മുടിയ്ക്കൽ. പി.ഒ, പിൻ: 683 547
ഫോൺ നം: 0484-2522219
ഇ-മെയിൽ: *dfo-ts-pbvr.for@kerala.gov.in*

നമ്പർ:കെ.1966/16 തീയതി: 01.01.2019.

# ലേല പരസ്യം

വിവിധ വനം ഡിവിഷനുകളിലെ വിവിധ കേസുകളിൽപ്പെട്ടതും, പെരുംമ്പാവൂർ ടിംബർ സെയിൽസ് ഡിവിഷനിലെ ഡിപ്പോകളിൽ സൂക്ഷിച്ചിട്ടുള്ളതുമായ തൊണ്ടി വകകളും, കാറ്റത്തു വീണതോ അപകടകരമായി നിൽക്കുന്ന മരങ്ങളിൽ നിന്നും മുറിച്ചു ശേഖരിച്ചതോ ആയ തടികളും 2019 വർഷത്തിൽ താഴെ പട്ടികയിൽ കാണിച്ചിട്ടുള്ള തീയതികളിൽ വൈകീട്ട് 3 മണിക്ക് പെരുംമ്പാവൂർ ടിംബർ സെയിൽസ് ഡിവിഷനു കീഴിലുള്ള ഡിപ്പോകളിൽ വച്ച് പെരുംമ്പാവൂർ ടിംബർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ വനം വകുപ്പിൽ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതായിരിക്കും. 10.12.2013ലെ 49-ാം നമ്പർ കേരള ഗസറ്റിൽ പേജ് നമ്പർ 815ലെ വിജ്ഞാപന പ്രകാരം പ്രസിദ്ധീകരിച്ച തിരുവനന്തപുരം സംരക്ഷണ വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 22.11.2013ലെ പ്രൊ.(5) 26274/12 നമ്പർ ലേല വിജ്ഞാപന പ്രകാരമുള്ള വിശദമായ ദർഘാസ്/ലേല വ്യവസ്ഥകൾക്കും അതാതു സമയത്തു നിലവിലുള്ള മറ്റു നിയമങ്ങൾക്കും വിധേയമായി ദർഘാസ്/ലേല അടിസ്ഥാനത്തിൽ വിൽപന നടത്തുന്നതാണ്. കൂടാതെ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും ബാധകമാകുന്നതാണ്.

**ലേല തീയതി**

| വർഷം/മാസം | തീയതി |
|---|---|
| 2019 ഫെബ്രുവരി | 28 |
| 2019 മാർച്ച് | 25 |
| 2019 ഏപ്രിൽ | 22 |
| 2019 മെയ് | 29 |
| 2019 ജൂൺ | 28 |
| 2019 ജൂലൈ | 19 |
| 2019 ആഗസ്റ്റ് | 23 |
| 2019 സെപ്റ്റംബർ | 27 |
| 2019 ഒക്ടോബർ | 22 |
| 2019 നവംബർ | 27 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഈട്ടി,തേക്ക് എന്നിവ യ്ക്ക് 20,000/- രൂപയും മറ്റ് തടികൾക്ക് 10,000/- രൂപ എന്ന നിരക്കിലും നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. ലേലത്തിൽ പിടിച്ചതും സ്ഥിരപ്പെടുത്തിയതുമായ വനവിഭവങ്ങൾ മുഴുവൻ വിലയും നിലവിലുള്ള നികുതികളും ഒടുക്കി ലേലം സ്ഥിരപ്പെടുത്തിയ വിവരം അറിയിക്കുന്ന തീയതി മുതൽ 30 ദിവസത്തിനകം സ്ഥലത്ത് നിന്ന് നീക്കം ചെയ്യേണ്ടതാണ്.

ലേലത്തിൽ പങ്കെടുക്കുന്നവർ ലേല തീയതിക്ക് മുൻപു തന്നെ ലേലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വന വിഭവങ്ങളുടെ അളവ്, ഗുണനിലവാരം മുതലായവ കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. ഇത് സംബന്ധിച്ച് ലേലത്തിനു ശേഷം യാതൊരുവിധ പരാതികളും പരിഗണിക്കുന്നതല്ല.

കോടതി ഉത്തരവ് പ്രകാരം ലേലം ചെയ്യുന്ന തൊണ്ടി വകകളുടെ മുഴുവൻ ലേല സംഖ്യയും നികുതികളും ലേല ദിവസം തന്നെ കെട്ടിവയ്ക്കേണ്ടതാണ്.

ലേല ദിവസം ഒരു പൊതു അവധി ദിവസമായോ പൊതു പണിമുടക്കു ദിവസമായോ വരുന്ന പക്ഷം ലേലം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വച്ച് നടത്തുന്നതാണ്. മേൽ പട്ടികയിൽ കാണിച്ചിട്ടുള്ള ആദ്യ തീയതിയിൽ തൊണ്ടിത്തടികളുടെ വിൽപ്പന നടന്നില്ലായെങ്കിൽ തുടർന്നുള്ള തീയതികളിൽ ടി ലേലം നടത്തുന്നതാണ്. പട്ടികയിലെ തീയതികൾ പ്രകാരം ഏത് ഡിപ്പോയിലാണ് ലേലം നടത്തുന്നതെന്ന് അറിയുവാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസുമായി 0484-2522219 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,**

**ടിംബർ സെയിൽസ് ഡിവിഷൻ, പെരുമ്പാവൂർ.**